# വചന വിചിന്തനം : മെയ് 17 ഞായർ, 2009

**യോഹ. 17:21-26 എഫേ.2: 11-22**

**യോഹ. 17:21-26**

- യേശുവിന്റെ വിടവാങ്ങൽ പ്രാർത്ഥന. പിതാവും യേശുവും തമ്മിലുള്ള ഐക്യവും സ്നേഹവും പോലെ ശിഷ്യരെല്ലാവരും, ഒപ്പം വിശ്വാസ സമൂഹം മുഴുവനും ഒന്നായിരിക്കാൻ വേണ്ടി യേശു പ്രാർത്ഥിക്കുന്നു. ദൈവം യേശുവിനു നല്കിയ മഹത്വം എല്ലാവരും ദർശിക്കേണ്ടതിന് എല്ലാവരും യേശുവിനോടൊപ്പമായിരിക്കണമെന്ന് യേശു പ്രാർത്ഥിക്കുന്നു. ദൈവം നല്കിയ സ്നേഹവും, ദൈവത്തിന്റെ നാമവും എല്ലാ മനുഷ്യരെയും അറിയിക്കണമെന്ന് യേശു തീവ്രമായി ആഗ്രഹിക്കുന്നു.

**എഫേ: 2:11-22**

- ക്രിസ്തുവിൽ എല്ലാവരും ഒന്നാണെന്നുള്ള വിശാലമായ ദൈവശാസ്ത്രദർശനം അവതരിപ്പിച്ചിരിക്കുന്നു. ഇനിമേൽ ആരും അന്യരോ പരദേശികളോ അല്ല എല്ലാവരും വചനം കേട്ട് ദൈവഭവനത്തിലെ അംഗങ്ങളായിരിക്കുന്നു. അപ്പസ്തോലന്മാരുടെയും പ്രവാചകന്മാരുടെയും അടിത്തറമേൽ പണിയപ്പെട്ട്, ക്രിസ്തുവിൽ ഒരാലയമായി വളർന്നുകൊണ്ടിരിക്കുന്ന സഭയിലെ അംഗങ്ങളാണ് എല്ലാവരും.

**വിചിന്തനം.**

- ഐക്യത്തിലായിരിക്കുക എന്നത് ഏറ്റവും പ്രധാനമായ ഒരു കാര്യമാണ്. ക്രിസ്തീയതയുടെ മുഖമുദ്രയാണ് സ്നേഹം. സ്നേഹത്തിന്റെ ഒരു പ്രായോഗികമുഖമായി ഐക്യത്തെ നമുക്കു ദർശിക്കാം. സ്നേഹത്തിന്റെ ഒരു കൂട്ടായ്മയെയാണ് ഐക്യം കൊണ്ട് ഉദ്ദേശിക്കുക. ക്രിസ്തീയ ജീവിതം ഐക്യത്തിലായിരിക്കുവാനുള്ള ഒരു വിളിയാണ്. ദൈവവുമായുള്ള ഐക്യവും, സഹോദരങ്ങളുമായുള്ള ഐക്യവും ഉറപ്പുവരുത്തുവാൻ വചനം ഉദ്ബോധിപ്പിക്കുന്നു. അതിന് ഉത്തമ മാതൃകയായി ദൈവവും യേശുവും തമ്മിലുള്ള ബന്ധം നിലകൊള്ളുകയും ചെയ്യുന്നു. പരസ്പരം മഹത്വപ്പെടുത്തുന്ന, സ്നേഹത്തിലധിഷ്ഠിതമായ ഒരു ബന്ധത്തിലേക്കു മനുഷ്യർ(വിശ്വാസികൾ) വളരണം. ക്രിസ്തുവിന്റെ നാമത്തിൽ ഒരുമിച്ചുകൂടുന്നവർക്കിടയിൽ ഭിന്നതകളല്ല, ഐക്യമാണ് വളരേണ്ടത്. ക്രിസ്തുവിൽ എല്ലാവരും ഒന്നാണ്.

**വ്യാഖ്യാനം.**

ഭിന്നിച്ചു നില്ക്കുക എന്നത് ഒരുമിച്ചു നില്ക്കുക എന്നതിനേക്കാൾ വളരെ ശക്തമായ മാനുഷിക പ്രലോഭനമാണ്. ഇതു മുതലെടുത്ത നിരവധി രാഷ്ട്രീയോദാഹരണങ്ങൾക്ക് ലോകചരിത്രം സാക്ഷിയാണ്. ഭിന്നിപ്പിച്ചു ഭരിക്കുക എന്ന തന്ത്രം തന്നെ നിരവധി തവണ,നിരവധി സ്ഥലങ്ങളിൽ പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. ഇന്നും പ്രയോഗിക്കപ്പെടുന്നുമുണ്ട്. സഭയിൽ ഭിന്നിപ്പുണ്ടാക്കുവാനുള്ള പല ശ്രമങ്ങളും ഈ അടുത്തകാലത്ത് പല രൂപങ്ങളിൽ നാം കണ്ടതുമാണ്. ഈ സാഹചര്യത്തിലാണ് യേശുവിന്റെ പ്രാർത്ഥനയുടെ പ്രസക്തി നാം മനസ്സിലാക്കേണ്ടത്. താനും പിതാവും ഒന്നായിരിക്കുന്നതുപോലെ എല്ലാവരും ഒന്നായിരിക്കണം. ഐക്യത്തിൽ വളരണം. ഒരുമയോടെ സ്നേത്തിൽ വസിക്കണം എന്ന് യേശു തീവ്രമായി ആഗ്രഹിച്ച് പ്രാർത്ഥിക്കുന്നു. ക്രിസ്തീയതയുടെ അടിസ്ഥാന പ്രമാണം തന്നെ സ്നേഹമാണല്ലോ. കലർപ്പില്ലാത്ത,

സ്വാർത്ഥതയുടെ അംശം ലവലേശമില്ലാത്ത നിർമ്മല സ്നേഹത്തിലേക്കുള്ള വിളിയാണ് ക്രിസ്തീയജീവിതം. പലപ്പോഴും നമ്മുടെയൊക്കെ ജീവിതങ്ങൾ ഈ അടിസ്ഥാന പ്രമാണങ്ങളിൽ നിന്നും വ്യതിചലിക്കുന്നതിന്റെ ഫലമായി ഒത്തിരിയേറെ ദുർമാതൃകകൾക്കും എതിർസാക്ഷ്യത്തിനും കാരണമാകുന്നുണ്ട്. ക്രിസ്തു കാണിച്ചുതന്ന മാതൃകയും, സ്നേഹത്തിന്റെ വലിയ കല്പനയും, അവിടുത്തെ പ്രാർത്ഥനയോടൊപ്പം ചേർത്ത് വയ്ക്കുമ്പോഴാണ് ക്രിസ്തീയ ജീവിതത്തിന്റെ ശരിയായ അർത്ഥം നമുക്കു ഗ്രഹിക്കാൻ സാധിക്കുക. അതിലേക്ക് ഓരോ ദിവസവും, ഓരോ നിമിഷവും വളരാൻ സാധിക്കുക. അതിനാൽ എല്ലാവിധ ഭിന്നതകളിൽ നിന്നും മുക്തി നേടുവാൻ നമുക്കു പരിശ്രമിക്കാം. ദൈവവും സഹോദരങ്ങളുമായുള്ള ഐക്യത്തിൽ ജീവിക്കുവാൻ നമുക്കു കടമയുണ്ടെന്ന കാര്യം മറക്കാതിരിക്കാം. കുടുംബാംഗങ്ങൾ തമ്മിലും, കുടുംബങ്ങൾ തമ്മിലും, അയൽപക്കബന്ധങ്ങളിലും, സഭാജീവിതത്തിലും, ഇടവകജീവിതത്തിലും, എല്ലാം എന്തെങ്കിലുമൊക്കെ ഭിന്നതയുടെ പ്രേരണകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അതെല്ലാം വെടിഞ്ഞ്, പ്രശ്നങ്ങൾ പരിഹരിച്ച്, രമ്യതയുടെ വഴിയിൽ ഒരുമയോടെ മുമ്പോട്ടു പോകുവാൻ പരിശ്രമിക്കാം. ജീവിതത്തിൽ എപ്പോഴും ബന്ധങ്ങളിൽ വളരുവാൻ നമുക്കു കഴിയണം. അങ്ങനെ ഉത്തമ ക്രിസ്തീയ ജീവിതം വഴി ജീവിതത്തിന്റെ സമസ്ത മേഖലകളിലും (സഭ, ഇടവക, അധികാരികൾ, കുടുംബം, സമൂഹം, ജോലി, പഠനം, etc.) അനേകർക്ക് നല്ല സാക്ഷ്യമാകുവാൻ, സന്തോഷം നല്കുന്ന സാന്നിദ്ധ്യങ്ങളാകുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**ഫാ. സ്ക്കറിയ ഉറുമ്പിൽ**